**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **30-08-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അപേക്ഷിച്ച വിദ്യാർത്ഥികളിൽ, രണ്ടു ഘട്ട അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ എത്ര പേർക്ക് പ്രവേശനം ലഭിച്ചു; എത്ര സീറ്റുകൾ ഒഴിവുണ്ട്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അപേക്ഷിച്ച വിദ്യാർത്ഥികളിൽ രണ്ടാം ഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ 33413 (മുപ്പത്തി മൂവായിരത്തി നാനൂറ്റി പതിമൂന്ന്) പേർക്ക് പ്രവേശനം ലഭിച്ചു. ഇനി 12840 (പന്ത്രണ്ടായിരത്തി എണ്ണൂറ്റി നാല്പത്) സീറ്റുകൾ ഒഴിവുണ്ട്. |
| (ബി) | അപേക്ഷിച്ച കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി സീറ്റുകളുടെ എണ്ണത്തിൽ കുറവുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | എങ്കിൽ അത് പരിഹരിക്കുന്നതിനും എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (സി) | സ.ഉ(കൈ) നം.119/2022/പൊ.വി.വ തീയതി 07.07.2022 അനുസരിച്ച് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 30% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. അതുപോലെ തന്നെ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ എല്ലാ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ആവശ്യപ്പെടുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് 10% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(കൈ) നം.118/2022/പൊ.വി.വ തീയതി 07.07.2022 സർക്കാർ ഉത്തരവ് അനുസരിച്ച് 2021-22 അദ്ധ്യയന വർഷം താൽക്കാലികമായി അനുവദിച്ച 75 ബാച്ചുകളും ഷിഫ്റ്റ് ചെയ്ത 4 ബാച്ചുകളും അതേപടി ഈ വർഷവും തുടരുന്നതിന് അനുമതി നല്കിയിട്ടുണ്ട്. അതോടൊപ്പം കണ്ണൂർ പരിയാരം കെ.കെ.എൻ സ്മാരക സ്കൂളിൽ 2 ബാച്ചുകളും ഈ അദ്ധ്യയന വർഷത്തേയ്ക്ക് മാത്രം താത്ക്കാലികമായി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ജില്ലയിൽ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും പുതിയ ബാച്ചുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ